# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **28.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്**
**നിയമസഭാ ചോദ്യം നം. 2885**

## കുടിയേറ്റ മേഖലയിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | പൊതു വിദ്യാഭ്യാസ പാഠ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന കുടിയേറ്റ മേഖലയിലെ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽ നൽകുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ; | (എ) | കുടിയേറ്റ മേഖലയിലെ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | കുടിയേറ്റ മേഖലയിൽ എത്ര ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ എത്ര എണ്ണം അംഗീകാരത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | കുടിയേറ്റ മേഖലയിൽ ഏകദേശം 88 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 70 സ്കൂളുകൾ അപേക്ഷ നൽകിയിട്ടുണ്ട്. |
| (സി) | കുടിയേറ്റ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പത്തു വർഷക്കാലമായി കേരള സിലബസിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകുമോ? | (സി) | അംഗീകാരം ഇല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുടിയേറ്റ മേഖലയിൽ നിന്നുള്ള അപേക്ഷകളും പരിഗണിച്ച്, സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതാണ്. കുടിയേറ്റമേഖലയിലെ സ്കൂളുകൾക്ക് പ്രത്യേക, പരിഗണന നൽകുന്നതിന് സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ